**A** | **GI-506**

# സമഗ്രശിക്ഷാ കേരളം
## വാർഷിക മൂല്യനിർണ്ണയം 2023-24
## അടിസ്ഥാനശാസ്ത്രം

ക്ലാസ്-5

## ഉത്തരസൂചിക

സമയം: 2 മണിക്കൂർ
ആകെ സ്കോർ: 30

---

അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കട്ടെ.
2. 8 പ്രവർത്തനങ്ങളാണ് മൂല്യനിർണ്ണയത്തിനായി നൽകിയിട്ടുള്ളത്. ഏതെങ്കിലും 6 പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
4. ഒരു പ്രവർത്തനത്തിന് 5 പോയിന്റ് വീതം. ആകെ 30 പോയിന്റ്
5. ഉത്തരക്കടലാസിൽ ഗ്രേഡാണ് രേഖപ്പെടുത്തേണ്ടത്.
6. ഓരോ പ്രവർത്തനത്തിനും ലഭിച്ച ഗ്രേഡുകൾ പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗപ്പെടുത്തി വിഷയത്തിനുള്ള ഓവറോൾ ഗ്രേഡ് A, B, C, D നൽകണം.
7. **ആറിലധികം** പ്രവർത്തനങ്ങൾക്ക് കുട്ടി ഉത്തരമെഴുതിയിട്ടുണ്ടെങ്കിൽ **ഏറ്റവും മികച്ച സ്കോർ നേടിയ 6 പ്രവർത്തനങ്ങളാണ്** ഓവറാൾ ഗ്രേഡിന് പരിഗണിക്കേണ്ടത്.

---

**പ്രവർത്തനം-1 - സസ്യലോകത്തെ അടുത്തറിയാം**

**പഠനനേട്ടം:-** ദുർബലകാണ്ഡ സസ്യങ്ങളെ അവയുടെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ വർഗീകരിക്കാൻ കഴിയുന്നു.

എ) മധുരക്കിഴങ്ങ്, കുമ്പളം, മത്തൻ, വെള്ളരി എന്നിവ ഒരു കൂട്ടമായും, പയർ പടവലം, കോവൽ, പാവൽ എന്നിവ മറ്റൊരു കൂട്ടമായും തരം തിരിച്ചിട്ടുണ്ട്. (2)

പയർ, പടവലം, കോവൽ, പാവൽ എന്ന കൂട്ടത്തിന് ആരോഹികൾ എന്ന തലക്കെട്ട് നൽകിയിട്ടുണ്ട്. (1)

**പഠനനേട്ടം:-** സസ്യഭാഗങ്ങൾക്കുണ്ടാകുന്ന രൂപാന്തരങ്ങൾ തിരിച്ചറിഞ്ഞ് തരംതിരിക്കാനും അവയുടെ ധർമങ്ങൾ വിശദീകരിക്കാനും കഴിയുന്നു.

ബി) പ്രസ്താവന ii, iii എന്നിവ ശരിയാണെന്ന് കണ്ടെത്തി എഴുതിയിട്ടുണ്ട്. (2)

**പ്രവർത്തനം-2 - വിത്തിനുള്ളിലെ ജീവൻ**

**പഠനനേട്ടം:-** വിത്ത് മുളയ്ക്കാൻ വായു, ജലം, അനുകൂലമായ താപനില എന്നിവ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ കഴിയുന്നു.

എ) സംവിധാനം 2, 4 എന്നിവയിലാണ് വിത്ത് മുളയ്ക്കാൻ സാധ്യതയുള്ളത് എന്ന് കണ്ടെത്തിയിട്ടുണ്ട്. (1)

വിത്ത് മുളയ്ക്കാൻ ജലം ആവശ്യമാണ്/മണ്ണ് ആവശ്യമില്ല എന്നിങ്ങനെയുള്ള കണ്ടെത്തലുകൾ എഴുതിയിട്ടുണ്ട്. (1)

**പഠനനേട്ടം:-** വിത്ത് മുളയ്ക്കാൻ ആവശ്യമായ ഘടകങ്ങൾ കണ്ടെത്താനുള്ള പരീക്ഷണങ്ങൾ ചരങ്ങളെ നിയന്ത്രിച്ചു ചെയ്യാനും വിശദീകരിക്കാനും കഴിയുന്നു.

ബി) വിത്തു മുളയ്ക്കുന്നതിന് സൂര്യപ്രകാശം ആവശ്യമില്ല എന്ന് കണ്ടെത്തുന്നതിനുള്ള പരീക്ഷണം രൂപകല്പന ചെയ്തിട്ടുണ്ട്. (2)

സി) പ്രസ്താവന ii ശരിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. (1)

**പ്രവർത്തനം-3 - അറിവിന്റെ ജാലകങ്ങൾ**

**പഠനനേട്ടം:-** ജ്ഞാനേന്ദ്രിയങ്ങളുടെ ധർമങ്ങൾ പട്ടികപ്പെടുത്താൻ കഴിയുന്നു.

എ) (b) ഉപ്പ്, (c) പുളി എന്നിങ്ങനെ കണ്ടെത്തിയിട്ടുണ്ട്. (2)

ബി) ചെവിക്കുള്ളിൽ കൂർത്ത വസ്തുക്കൾ ഇടരുത്, വലിയ ശബ്ദങ്ങൾ തുടർച്ചയായി കേൾക്കരുത്, ചെവിയിൽ വെള്ളമോ മറ്റു ദ്രാവകങ്ങളോ ഒഴിക്കരുത്. ചെവിക്ക് ആഘാതമേൽപ്പിക്കരുത് തുടങ്ങി ശരിയായ ഏതെങ്കിലും മൂന്നു കാര്യങ്ങൾ എഴുതിയിട്ടുണ്ട്. (3)

**പ്രവർത്തനം-4 - അകറ്റി നിർത്താം രോഗങ്ങളെ**

**പഠനനേട്ടം:-** സൂക്ഷ്മാണുക്കളിൽ ഉപകാരികളും ഉപദ്രവകാരികളും ഉണ്ടെന്ന് തിരിച്ചറിഞ്ഞ് ഉദാഹരണങ്ങൾ നൽകാൻ കഴിയുന്നു.

എ) പാൽ തൈരാകുന്നു, അരിമാവ് പുളിക്കുന്നു തുടങ്ങി അനുയോജ്യമായ രണ്ടു ഉപകാരങ്ങൾ എഴുതിയിട്ടുണ്ട്. (2)

ബി) സൂക്ഷ്മജീവികളില്ലെങ്കിൽ പല രോഗങ്ങളും ഉണ്ടാകില്ല, മനുഷ്യന്റെ ആഹാരവസ്തുക്കൾക്കുണ്ടാകുന്ന മാറ്റങ്ങൾ, മാലിന്യങ്ങൾ കുന്നുകൂടൽ തുടങ്ങി അനുയോജ്യമായ ആശയങ്ങൾ ഉൾപ്പെടുത്തി ഭാവനാപൂർണ്ണമായി കുറിപ്പ് തയ്യാറാക്കിയിട്ടുണ്ട്. (2)

സി) പ്രസ്താവന ii ശരിയാണെന്ന് കണ്ടെത്തി എഴുതിയിട്ടുണ്ട്. (1)

**പ്രവർത്തനം-5 - ബഹിരാകാശം വിസ്മയങ്ങളുടെ ലോകം**

**പഠനനേട്ടം:-** കൃത്രിമോപഗ്രഹങ്ങളുടെ സേവനങ്ങൾ തിരിച്ചറിഞ്ഞ് ഉദാഹരണങ്ങൾ പറയാൻ കഴിയുന്നു.

എ) വാർത്താവിനിമയം, കാലാവസ്ഥ പഠനം, ബഹിരാകാശ ഗവേഷണം, ഭൂവിഭവങ്ങൾ കണ്ടെത്തൽ കര - സമുദ്ര - വ്യോമ ഗതാഗതങ്ങൾക്ക് മാർഗനിർദ്ദേശം നൽകൽ, വനഭൂമികൾ, തണ്ണീർത്തടങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ എന്നീ പ്രസക്തമായ ഏതെങ്കിലും ഉപയോഗങ്ങൾ കണ്ടെത്തി എഴുതിയിട്ടുണ്ട്. (3)

ബി) ഐ.എസ്.ആർ.ഒ എന്ന് തിരിച്ചറിഞ്ഞെഴുതിയിട്ടുണ്ട്. (1)

**പഠനനേട്ടം:-** ബഹിരാകാശ ജീവിതത്തിനിടയിൽ സഞ്ചാരികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ, കൗതുകങ്ങൾ, അവയ്ക്കുള്ള കാരണങ്ങൾ എന്നിവ വിശദീകരിക്കാൻ കഴിയുന്നു.

സി) സുനിതാ വില്യംസ് എന്ന് കണ്ടെത്തി എഴുതിയിട്ടുണ്ട്. (1)

**പ്രവർത്തനം- 6 - ജന്തു വിശേഷങ്ങൾ**

**പഠനനേട്ടം:-** മുട്ടയിടുന്ന ജീവികളെ പ്രാണികൾ, മത്സ്യങ്ങൾ, ഉഭയജീവികൾ, ഉരഗങ്ങൾ, പക്ഷികൾ എന്നിങ്ങനെ വർഗീകരിക്കാൻ കഴിയുന്നു.

എ) ഉരഗങ്ങൾ എന്ന് കണ്ടെത്തി എഴുതിയിട്ടുണ്ട്. (1)

ഉരഗങ്ങളുടെ ചർമ്മം വരണ്ടതും ശല്കങ്ങൾ ഉള്ളവയുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. (1)

ബി) ചീങ്കണ്ണി, ഗപ്പി എന്നിവ മുട്ടയിടുന്നവയാണെന്ന് കണ്ടെത്തി എഴുതിയിട്ടുണ്ട്. (2)

സി) ലാർവകൾ എന്നെഴുതിയിട്ടുണ്ട്. (1)

**പ്രവർത്തനം- 7 - അകറ്റി നിർത്താം രോഗങ്ങളെ**

**പഠനനേട്ടം:-** ഈച്ച, കൊതുക് എന്നിവ മൂലം രോഗങ്ങൾ പടരുന്ന സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് നിർമാർജന മാർഗങ്ങൾ സ്വീകരിക്കാൻ കഴിയുന്നു.

എ) i കൊതുകിന്റെ മുട്ട വിരിയാൻ 8 ദിവസം ആവശ്യമായതിനാൽ, ii കൊതുക് മുട്ടയിടുന്നത് കെട്ടിനിൽക്കുന്ന ജലത്തിലായതിനാൽ എന്നിങ്ങനെ അനുയോജ്യമായ രീതിയിൽ പട്ടിക പൂർത്തീകരിച്ചിട്ടുണ്ട്. (2)

ബി) കൊതുകു വല, പുകയിടൽ, മൊസ്കിറ്റോബാറ്റ് എന്നിങ്ങനെ ഏതെങ്കിലും അനുയോജ്യമായ 2 മാർഗങ്ങൾ എഴുതിയിട്ടുണ്ട്. (2)

സി) ഡെങ്കിപ്പനിയാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. (1)

**പ്രവർത്തനം- 8 - ജന്തു വിശേഷങ്ങൾ**

**പഠനനേട്ടം:-** എല്ലാ ജീവിവർഗങ്ങളും സംരക്ഷിക്കപ്പെടേണ്ടതാണെന്ന ആശയം തിരിച്ചറിഞ്ഞ് പ്രകൃതിയിലുള്ള ഇടപെടൽ ശ്രദ്ധാപൂർവമാക്കുകയും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു.

എ) പവിഴപ്പുറ്റുകൾ എന്ന് എഴുതിയിട്ടുണ്ട്. (1)

വിവിധയിനം കടൽ ജീവികളുടെ വാസകേന്ദ്രമാണ് പവിഴപ്പുറ്റുകൾ. കടൽക്ഷോഭം ഒരു പരിധി വരെ തടയുന്നു. പല അസുഖങ്ങൾക്കുള്ള മരുന്നുകൾ നിർമ്മിക്കാൻ പ്രയോജനപ്പെടുന്നു. (ഇവയിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതിയിട്ടുണ്ട്.) (2)

ബി) വനനശീകരണം, വയലുകളും ജലാശയങ്ങളും മണ്ണിട്ടു നികത്തൽ, വിഷം കലക്കി മീൻപിടിക്കൽ, കുന്നിടിക്കൽ എന്നിങ്ങനെ ഏതെങ്കിലും രണ്ടെണ്ണം എഴുതിയിട്ടുണ്ട്. (2)